ശ്രീ. ഈ. പി. ഗോപാലൻ : കാർഷികാദായ നികുതിയിൽ വരുന്ന ആക്ഷേപങ്ങളേപ്പറ്റിയും സെയിൽസ് ടാക്സിൽ വരുന്ന ആക്ഷേപങ്ങളെപ്പറ്റിയും ചർച്ചചെയ്യുന്നതിനായി ബന്ധപ്പെട്ട മന്ത്രി രണ്ടുകൊല്ലം മുമ്പ് എം. എൽ. എ മാരെ കൂടി വിളിച്ച് നടത്തിയ റിജിയണൽ കാൺഫറൻസിൽ ഉണ്ടായ നിർദ്ദേശങ്ങളും ഗവണ്മെന്റ് നടപ്പിലാക്കിയോ? അത്തരം സമ്മേളനങ്ങളും ഫലപ്രദമാണെന്നു കണ്ടെങ്കിൽ പിന്നെയും നടത്താത്തതെന്താണ്?

ശ്രീ. ആർ. ശങ്കർ : കാർഷികാദായനികുതിയെ സംബന്ധിച്ചും സെയിൽസ് ടാക്സിനെ സംബന്ധിച്ചും വളരെ പരാതികളും ഉണ്ടായിരുന്ന സമയത്താണ് അപ്രകാരം ചെയ്തത്. അന്ന് എം. എൽ. എ. മാരും, അഡ്വൈസറി കമ്മിറ്റി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും മന്ത്രിയുംകൂടി ചേർന്ന് നടത്തിയ കാൺഫറൻസിൽ പ്രത്യക്ഷമായി കണ്ട അഭിപ്രായങ്ങളെ മാനിച്ച് വേണ്ട നടപടികളും എടുക്കുകയും അങ്ങനെയുള്ള പരാതികളും വളരെയേറെ കുറയുകയും ചെയ്തിട്ടുണ്ട്. വളരെയധികം പരാതികളും ഇപ്പോൾ ഇല്ലാത്തതുകൊണ്ടുപിന്നെ എം. എൽ. എ. മാരെ ബുദ്ധിമുട്ടിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : നാലു പരാതികളും കിട്ടീണ്ടെന്നു പറഞ്ഞു. അതേപ്പറ്റിയുള്ള അന്വേഷണത്തിന്റെ ഫലമെന്തായെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഒന്നാമത്തെ പരാതി, ഒരു എസ്സ്. കൃഷ്ണൻ നായർ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആഫീസർ, മൂവാറ്റുപുഴയെപ്പറ്റി ജോസഫ് ജോർജ്ജ് മുണ്ടോപ്പുറത്ത് എന്നൊരാളും കൊടുത്തതാണ്. അയാളും ആളുകളെ വളരെ ഹാരസ്സ് ചെയ്യുന്നു എന്നാണ് പരാതി. അതേപ്പറ്റി അന്വേഷണം നടത്തീട്ട പരാതിക്കു പറയത്തക്ക അടിസ്ഥാനമുണ്ടെന്നു കണ്ടില്ല. പിന്നീട് കെ. ടി. ജോസഫ് ആഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ആഫീസ്സർ പാലാ എന്ന ഉദ്യോഗസ്ഥനെപ്പറ്റി കേശവ പിള്ള എന്നൊരാളും ഒരു പരാതി അയച്ചിട്ടുള്ളതാണ്. അഞ്ഞൂറു രൂപ അയാളോടു കൈക്കൂലി ചോദിച്ചു എന്നുള്ളതാണ് പരാതി. ആ ആരോപണവും അന്വേഷണം നടത്തിയതിൽ തെളിഞ്ഞില്ല. മൂന്നാമത്തെ പരാതി ആർ. രാഘവൻ നായർ, അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആഫീസർ ആലുവായെപ്പറ്റി ഒരു കെ. ആർ. ആർ. നായർ, പറവൂർ കൊടുത്തിട്ടുള്ള പരാതിയാണ്. അതിൽ മുഖ്യമായി പറഞ്ഞിരിക്കുന്നതു് അയാളുടെ അമ്മായി അപ്പന്റെ ചൊൽപ്പടിയിലാണ് എന്നും, അങ്ങനെ അമ്മായി അപ്പന്റെ ചൊൽപ്പടിയിൽ പ്രവർത്തിക്കുന്നതുകൊണ്ട് കാർഷികാദായനികുതി തിട്ടപ്പെടുത്തുന്ന കാര്യത്തിൽ തെറ്റായ നടപടി നടത്തുന്നു എന്നുമായിരുന്നു. അതേപ്പറ്റി അന്വേഷണം നടത്തിയതിൽ അങ്ങനെ ആ ഉദ്യോഗസ്ഥനു ഒരു അമ്മായി അപ്പൻ ജീവിച്ചിരിപ്പില്ലാ എന്നു കണ്ടു. പിന്നീടു വന്ന പരാതി ഒരു കെ. ആർ. ശ്രീധരൻ നായർ, അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആഫീസർ, തിരുവനന്തപുരം എന്ന ഉദ്യോഗസ്ഥനെപ്പറ്റി ഒരു എം. കൃഷ്ണൻ നാടാർ, നെയ്യാറിൻകരയിൽനിന്നും അയച്ച പരാതിയായിരുന്നു. അതുവേറെ ഒരാളിന്റെ അസസ്സ്മെന്റ് ഇല്ലാതെയാക്കുന്നതിനു അഞ്ഞൂറു രൂപ കൈക്കൂലി ചോദിച്ചു എന്നാണ്. അതേപ്പറ്റി അന്വേഷണം നടത്തിയതിൽ തെളിഞ്ഞതു്, പരാതിക്കാരനു നോട്ടീസ് അയച്ചതിൽ, "notice returned unserved, party not known" എന്നാണ്.

ട്രാൻസ്പോർട്ട് സർവ്വീസ്

* 524. [8] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ട്രാൻസ്പോർട്ട് ഡിസ്ട്രിക്റ്റിലും എത്ര വീതം റൂട്ടുകളിൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി ട്രാൻസ്പോർട്ട് സർവ്വീസ് ആരംഭിക്കുന്നതിനും എറണാകുളം ജില്ലയിൽ എത്ര റൂട്ടുകളുടെ കാര്യത്തിൽ പ്രാരംഭ നടപടികളും എടുത്തിട്ടുണ്ട് ;

(സി) എറണാകുളം—കോട്ടയം (via വൈക്കം) റൂട്ടിൽ ട്രാൻസ്പോർട്ട് സർവ്വീസ് ഈ വർഷം ആരംഭിക്കുമോ ;

(ഡി) തൃപ്പൂണിത്തുറയിൽനിന്നും വ്യവസായകേന്ദ്രമായ ഏലൂരിലേക്കും ട്രാൻസ്പോർട്ട് സർവ്വീസ് ആരംഭിക്കുവാൻ നടപടിയെടുക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *

(ബി) ആറ്.

(സി) തൽക്കാലം തീർച്ച പറയുവാൻ നിവ്വാഹമില്ല.

(ഡി) തൽക്കാലം സാദ്ധ്യമല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഓയിൽ റിഫൈനറി, കേബിൾ ഫാക്ടറി മുതലായ വ്യവസായ സ്ഥാപനങ്ങളും സ്ഥാപിച്ചുവരുന്ന ഏലൂരിലേക്ക് ഇപ്പോഴും ഗതാഗതസൗകര്യം വളരെക്കുറവായതുകൊണ്ടും പ്രൈവറ്റ് ബസ്സുകളുടെ എണ്ണം കുറവായതുകൊണ്ടും ആദായകരമായ ഈ റൂട്ട് നാഷനലൈസ് ചെയ്യുന്നതിനു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഈ റൂട്ട് നാഷണലൈസ് ചെയ്യാനുള്ള നടപടി ഇപ്പോഴും എടുക്കുന്നില്ല. ഇപ്പോൾ ടൂകുറുട്ടുകളും മാത്രമേ നാഷണലൈസ് ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളൂ. ഇതു തൃപ്പൂണിത്തുറ, എറണാകുളം, ആലുവാ ഈ വഴിക്കു പോകാവുന്നതാണ്. ഇപ്പോഴത്തന്നെ ധാരാളം ബസ്സുകളും ആ വഴി പോകുന്നുണ്ട്. ആലുവായിൽ നിന്നും എറണാകുളത്തുനിന്നുമുണ്ട്. അതുകൊണ്ട് ആ റൂട്ട് തൽക്കാലം നാഷണലൈസ് ചെയ്യാനുദ്ദേശിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : തൃപ്പൂണിത്തുറയിൽനിന്നും നേരേ വൈറ്റില വഴി ഏലൂരിലേക്കുള്ള റൂട്ടിന്റെ കാര്യമാണു ഞാൻ ചോദിച്ചതു്.

ശ്രീ. കെ. ടി. അച്യുതൻ : ആ റൂട്ടിന്റെ കാര്യം തന്നെയാണു ഞാൻ പറഞ്ഞതു്.

ശ്രീ. എം. സി. ഏബ്രഹാം : എറണാകുളം-കോട്ടയം വൈക്കം വഴി ട്രാൻസ്പോർട്ട് ബസ്സ് സർവ്വീസ് ഈ വർഷം ആരംഭിക്കുമോ എന്നുള്ള ചോദ്യത്തിനു തൽക്കാലം തീർച്ച പറയുവാൻ നിവ്വാഹമില്ലാ എന്നു പറഞ്ഞു. എന്നാൽ അവിടെ ട്രാൻസ്പോർട്ടുബസ്സ് ഓടിക്കുന്നതിനുള്ള പ്രിലിമിനറി ഇൻവെസ്റ്റിഗേഷനെല്ലാം കഴിഞ്ഞു എന്നും, അതു സംബന്ധിച്ചുള്ള വാദം കേട്ടിട്ടില്ലാ അതുകൊണ്ടാണു് അതു താമസിക്കുന്നതെന്നും കേൾക്കുന്നതു് ശരിയാണോ ?

ശ്രീ. കെ. ടി. അച്യുതൻ : ഈ മാസത്തിൽത്തന്നെ ഫിയറിംഗ് വച്ചിട്ടുണ്ട്. അതു കഴിഞ്ഞാൽ ഉടനെതന്നെ അതിന്റെ നടപടി തുടങ്ങുന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : 63 ലക്ഷം രൂപ കേന്ദ്രഗവണ്മെന്റ് സഹായധനമായി ഈ സ്റ്റേറ്റിൽ ട്രാൻസ്പോർട്ട് കോർപ്പൊറേഷൻ രൂപീകരിക്കുന്നതിനെ മുൻനിറുത്തി നൽകാം എന്നു തീരുമാനിച്ചിരിക്കുകയാണെന്നുപറഞ്ഞു, എന്നാൽ വളരെക്കാലമായിട്ട് ഈ ട്രാൻസ്പോർട്ട് കോർപ്പൊറേഷൻ രൂപീകരിക്കുന്നതിനെപ്പറ്റി ആലോചിച്ചുവരുന്നു എന്നു പറയുന്നു. ഇങ്ങനെ ഭീമമായ ഒരു കേന്ദ്രസഹായം ഈ സ്റ്റേറ്റിനു ലഭിക്കാതെവരുന്നതിനുള്ള കാരണം എന്താണെന്നു പറയാമോ ? ഈ സ്റ്റേറ്റിൽ അതുസംബന്ധിച്ച് അടുത്തുതന്നെ അവസാനതീരുമാനമുണ്ടാകുമോ ?

* Appendix I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : അടുത്തുതന്നെ അവസാനതീരുമാനമുണ്ടാകും. അതു ലോണായിട്ട കിട്ടുന്ന പണമാണു്. സഹായധനമായിട്ടല്ല, റെയിൽവേയിൽനിന്നും കിട്ടുന്നതാണു്. കാർപ്പൊറേഷനായിക്കഴിഞ്ഞാൽ അവരും പങ്കാളികളാണു്.

ശ്രീ. ജോജ്ജു് ജോസഫു് പൊടിപ്പാറ: കൈപ്പുഴ-കോട്ടയംവഴി ഇപ്പോഴും ട്രാൻസ്പോർട്ട ബസ്സുകളും ഓടുന്നുണ്ടു്. അതു നാഷണലൈസു് ചെയ്യാൻ നടപടി എടുക്കുമോ ?

മി. സ്പീക്കർ : ഓരോ റൂട്ടിന്റെ കാര്യവും പ്രത്യേകമായി ചോദിച്ചാൽ ബഹു: മന്ത്രി മറുപടി പറയുന്നതെങ്ങനെയാണു് ?

ശ്രീ. കെ. ടി. അച്യുതൻ : ടെമ്പററിയായിട്ട ട്രാൻസ്പോർട്ട ബസ്സുകളും ഓടിക്കുന്നതിനു പെർമിറ്റു കൊടുക്കും. മൂന്നുനാലു മാസം കഴിഞ്ഞു് പിന്നീടു് ആവശ്യമുണ്ടെന്നു കണ്ടാൽ പിന്നെ അതേപ്പറ്റി നടപടി നടത്തുന്നതാണു്.

ശ്രീ. ഒ. കോരൻ : ഇപ്പോൾ കോഴിക്കോട്ടനിന്നും കാസർകോട്ടേക്കു രണ്ടു ബസ്സുകളും മാത്രമാണു് ഓടിക്കൊണ്ടിരിക്കുന്നതു്. മിനിഞ്ഞാന്നുവരെയുള്ള കാര്യമാണു ഞാൻ പറയുന്നതു്. അതുകൊണ്ടു് കാസർകോട്ടനിന്നും കാഞ്ഞാങ്ങാട്ടേക്കു ഗവണ്മെന്റു വകയായി ഓടിക്കുന്ന ബസ്സുകളുടെ എണ്ണമെങ്കിലും കൂടുതലായിട്ട ഓടിക്കുന്ന കാര്യം ആലോചിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അവിടെ ട്രാൻസ്പോർട്ട ബസ്സുകളുടെ എണ്ണം കുറച്ചുകൂടി ആവശ്യമുണ്ടെന്നു കണ്ടാൽ കൂടുതൽ ബസ്സുകളും ഓടിക്കാൻ വേണ്ട ഏർപ്പാടു ചെയ്യാം.

ശ്രീ. പി. വി. കുഞ്ഞുണ്ണി നായർ : ട്രാൻസ്പോർട്ട ബസ്സുകളും കൂടുതൽ ഓടിക്കാൻവേണ്ടി കൂടുതൽ വണ്ടികളും വാങ്ങിച്ചുകഴിഞ്ഞിട്ടു് ഇപ്പോഴും ഓടിക്കുന്നില്ല. പാലക്കാട്ട ഡിസ്ട്രിക്ടിൽ ഇപ്പോഴും ആവശ്യത്തിനനുസരിച്ചു് ട്രാൻസ്പോർട്ട ബസ്സുകളും ഓടുന്നില്ല. താലൂക്കു്, ഡിസ്ട്രിക്ടു് ഹെഡ്ക്വാർട്ടേഴ്സിൽപോലും ആവശ്യത്തിനു ബസ്സുകളും ഓടുന്നില്ലാ എന്നുള്ളതുകൊണ്ടു് ആളുകളും വളരെ ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതു ഓടിക്കുന്നതിനു ചില നടപടിക്രമങ്ങളും എല്ലാമുണ്ടു്. അതു അനുവദിച്ചുകഴിഞ്ഞാൽ പിന്നെ ഒരു താമസവും വരികയില്ല. ട്രാൻസ്പോർട്ട ബസ്സുകളും ഓടിക്കുന്ന കാര്യത്തിൽ യാതൊരു അമാന്തവുമില്ല.

ടെമ്പററിയായി ഓടിയ സ്റ്റേറു് ട്രാൻസ്പോർട്ടബസ്സുകളും

* 525. [9] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയാണ്ടു് ഓച്ചിറ കാർത്തികവിളക്കുപ്രമാണിച്ചു് എത്ര സ്റ്റേറു് ട്രാൻസ്പോർട്ട ബസ്സുകളും ടെമ്പററിയായി ഓടി ;

(ബി) മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് ഈയാണ്ടത്തെ വരുമാനം കൂടുതലോ, കുറവോ ;

(സി) കൂടുതലാണെങ്കിൽ എത്രത്തോളം കൂടുതലുണ്ടു്; കുറവാണെങ്കിൽ എത്രമാത്രം കുറവുണ്ടു്;

(ഡി) കൊല്ലം, ആലപ്പുഴ എന്നീ രണ്ടു ജില്ലയിലെയും കണക്കുകൾ പ്രത്യേകമായി പറയുവാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to Starred Question No.* 524 (8)]

ലിസ്റ്റ്

1	തിരുവനന്തപുരം സിറ്റി	—	190
2	തിരുവനന്തപുരം സെൻട്രൽ	—	128
3	കൊല്ലം	—	23
4	കൊട്ടാരക്കര	—	27
5	കോട്ടയം	—	33
6	ആലപ്പുഴ	—	28
7	എറണാകുളം	—	18
8	ആലുവാ	—	25
9	തൃശ്ശൂർ	—	11
10	കോഴിക്കോട്	—	14

LIBRARY ARCHIVES Kerala Legislative Assembly